ഉത്തരം

ശ്രീ. കുഞ്ഞിരാമക്കുറുപ്പിന്റെ സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അപേക്ഷ, കോഴിക്കോട് ജില്ലാ കളക്ടർ നല്കിയിട്ടുള്ള റിപ്പോർട്ടിന്റേയും നിലവിലുള്ള കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ നിയമപ്രകാരവും പരിശോധിച്ചു വരുന്നു. ടി.അപേക്ഷയിൻമേൽ അന്തിമതീരുമാനം ആയിട്ടില്ല.

സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

29 (29) ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളാൻ കാലതാമസം അനുഭവപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിൽ നിന്നും ശ്രീ.കെ.ആർ.ചന്ദ്രൻപിള്ള, ചന്ദ്രവിലാസം, പുത്തൻകുളം പി.ഒ, ഉൾപ്പെടെയുള്ളവരുടെ അപേക്ഷയിൻമേൽ 51065/എഫ്എഫ്പി-ബി3/99/ജിഎഡി. തീയതി 16-7-1999 പ്രകാരം തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത തീരുമാനമറിയിക്കുന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടപ്രകാരം സ്വീകാര്യമായ രേഖകളോടൊപ്പം സ്വാതന്ത്ര്യസമര സേനാനി പെൻഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ കാലതാമസം ഇല്ലാതെ സ്വീകരിക്കുന്നുണ്ട്.

(ബി&സി) സ്വാതന്ത്ര്യസമര സേനാനി പെൻഷനുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും അവയോടൊപ്പം ലഭിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പരിശോധിച്ചാണ് തീരുമാനമെടുക്കുന്നത്. ശ്രീ.കെ.ആർ.ചന്ദ്രൻപിള്ളയുടെ അപേക്ഷയും പ്രത്യേകം പരിശോധിക്കുകയും അതിന്റെ തീരുമാനം 6351/എഫ്എഫ്പി-ബി3/98/ജിഎഡി.എന്ന കത്തിലൂടെ 24-2-1998 ൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പും ഇതോടൊപ്പം വയ്ക്കുന്നു.* (51065/എഫ്.എഫ്.പി-ബി3/99/ജിഎഡി. തീയതി 16-7-1999 പ്രകാരമല്ലാ തീരുമാനമെടുത്തിട്ടുള്ളത്).

മരണപ്പെട്ട പത്ര പ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ

30 (30) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചീട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത മരണപ്പെട്ട പത്രപ്രവർത്തകരുടെ ആശ്രിതർക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) ഇപ്പോൾ നൽകുന്ന പെൻഷൻ തുക എത്രയാണ് ;

(സി) ആശ്രിതർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (1) അവശപത്രപ്രവർത്തകർക്കുള്ള ധനസഹായം (പ്രതിമാസം 500 രൂപ) ലഭിക്കുന്നയാൾ മരണപ്പെട്ടാൽ ടിയാന്റെ ആശ്രിതനെ താഴെപറയുന്ന ക്രമത്തിൽ പരിഗണിക്കുന്നതാണ്.

1. വിധവ
2. 21 വയസിൽ താഴെയുള്ള ജോലിയില്ലാത്ത മകൻ
3. വിവാഹിതയാകാത്തതും ജോലിയില്ലാത്തതും 21 വയസിൽ താഴെ പ്രായമുള്ള മകൾ
4. അച്ഛൻ
5. അമ്മ

(2) അംശദായം അടയ്ക്കുന്നത് പത്രപ്രവർത്തക പെൻഷൻ പദ്ധതിപ്രകാരം പെൻഷൻ (പ്രതിമാസം 1000 രൂപ) വാങ്ങിക്കുന്നയാൾ നേരത്തെതന്നെ ആശ്രിത പെൻഷനു വേണ്ടി കുടുംബത്തിലെ ഒരംഗത്തിനെ നോമിനേറ്റ് ചെയ്തിരിക്കേണ്ടതാണ്. ആയതിനാൽ ആശ്രിതനെ അംശദായകൻ തന്നെയാണ് തീരുമാനിക്കുന്നത്.

(3) പെൻഷൻ ലഭിച്ച് കൊണ്ടിരിക്കെ മരണമടയുന്ന പ്രമുഖപത്രപ്രവർത്തകന്റെ ആശ്രിതയായി ഭാര്യയെ പരിഗണിക്കുന്നതാണ്. ഭാര്യ ജീവിച്ചിരിപ്പില്ലെങ്കിൽ 21 വയസിൽ താഴെപ്രായമുള്ള അവിവാഹിതരും തൊഴിൽരഹിതരുമായ മക്കളെയും ആശ്രിത പെൻഷന് പരിഗണിക്കുന്നതാണ്. ആശ്രിത പെൻഷനുള്ള അപേക്ഷ മരണസർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ആഫീസർ മുഖാന്തിരം പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിമാസം 500 രൂപ (അഞ്ഞൂറ് രൂപ) (ആശ്രിത പെൻഷൻ തുകയാണിത്)

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വീടിന് തീ പിടിച്ച് മരിച്ച സംഭവം

31 (31) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ വള്ളിക്കുന്നം കടുവുംകൽ പെരൂപട്ട പടീറ്റയിൽ വീട്ടിൽ മണിയും മകൻ വിനീതും 17-2-2000-ന് രാത്രി വീടിന് തീ പിടിച്ച് മരിച്ചു കിടന്ന സംഭവത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണം ഏത് ഘട്ടത്തിലാണ് ;

(ബി) വള്ളിക്കുന്നം പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമല്ലായെന്ന് കാണിച്ച് ഏതെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൽ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) അമ്മയും മകനും വീടും കത്തിക്കരിഞ്ഞ ഈ സംഭവത്തെക്കുറിച്ച് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മണിയും മകൻ വിനീതും മരണപ്പെട്ടത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് മാവേലിക്കര സി.ഐ. ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

(ബി & സി) ഉണ്ട്. പരാതി അന്വേഷണത്തിലാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

വി.ഐ.പി.കളുടെ സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

32 (32) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. അച്ച്യുതൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.ഐ.പി.കളുടെ സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഉപരാഷ്ട്രപതിയുടെ തിരുവനന്തപുരം സന്ദർശനത്തോടനുബന്ധിച്ച് സെക്യൂരിറ്റി സംവിധാനത്തിൽ പാകപിഴകൾ ഉണ്ടായതായ ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly